**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4704** **02-07-2024 - ൽ മറുപടിയ്ക്ക്**

**വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി വഴി എഴുപത് കോടി രൂപ അനുവദിച്ച വണ്ടാഴി-കിഴക്കഞ്ചേരി-വടക്കഞ്ചേരി-കണ്ണമ്പ്ര കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | (എ) | കിഫ്‌ബി 2017-18-ൽ ഉൾപ്പെടുത്തി വണ്ടാഴി, കിഴക്കഞ്ചേരി, വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കായി നാല് പാക്കേജുകളായി നടപ്പിലാക്കുന്ന പദ്ധതിയ്ക്ക് 69.54 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി ലഭിച്ചിട്ടുണ്ട്.<br><br>1.ആദ്യ പാക്കേജിൽ വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകൾക്കായി വടക്കഞ്ചേരി കരിങ്കുന്നത്ത് 22 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണിയുടെ പ്രവൃത്തി 91% പൂർത്തീകരിച്ചിട്ടുണ്ട്. ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.<br><br>2.രണ്ടാം പാക്കേജിൽ കരിങ്കുന്നത്തുള്ള ജല സംഭരണിയിൽ നിന്നും 167 കി.മി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 113 കി.മീ പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞു. 72% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വടക്കഞ്ചേരി പഞ്ചായത്തിൽ ചീക്കോട് മുതൽ തേനിടുക്ക് ടോൾ പ്ലാസ വരെ NHAI യുടെ ഇരുവശങ്ങളിലുമായി 15 കി.മീ നീളത്തിലും വടക്കഞ്ചേരിയിൽ NHAI യ്ക്ക് കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കും NHAI ൽ നിന്നും അനുമതി ലഭിക്കാൻ കാലതാമസം വന്നതിനാൽ കരാറുകാരൻ കോടതിയെ സമീപിക്കുകയും കോടതി നിർദ്ദേശപ്രകാരം പ്രസ്തുത പ്രവൃത്തി ഫോർക്ലോസ് ചെയ്യുകയും ചെയ്തു. ടി പ്രവൃത്തി കിഫ്‌ബിയുടെ അനുമതിയോടെ പുതിയ പാക്കേജായി ടെണ്ടർ ചെയ്യേണ്ടതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>3.മൂന്നാമത്തെ പാക്കേജിൽ വണ്ടാഴി പഞ്ചായത്തിൽ 120 കി.മീ നീളത്തിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 100 കി.മീ പൈപ്പ് ലൈൻ |

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചുകഴിഞ്ഞു. 85% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയിലുൾപ്പെട്ട ജലസേചന കനാലിനു കുറുകെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിർമ്മിക്കുന്ന പൈപ്പ് ക്യാരിയിങ്ങ് ബ്രിഡ്ജിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.<br><br>4.നാലാമത്തെ പാക്കേജിൽ കണ്ണമ്പ്ര പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ ജലവിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും രണ്ടാം പാക്കേജിലുൾപ്പെട്ട ദേശീയപാതയിൽ ചീക്കോട് മുതൽ തേനിട്ടുക്ക് ടോൾപ്ളാസ വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും കിഫ്ബിയുടെ അനുമതിയോടെ ഒരുമിച്ച് ടെണ്ടർ ചെയ്യേണ്ടതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ